**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 647** **28-01-2026 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാറിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ ഒരു ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള ഡെവലപ്പർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഡെവലപ്പർ പെർമിറ്റ് ലഭ്യമാക്കിയ ഭൂമി കേരള സിംഗിൾ വിൻഡോ ക്ലീയൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് - 1999 പ്രകാരം വ്യവസായ പ്രദേശമായി ഡിക്ലയർ ചെയ്യുന്നതിനും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | പദ്ധതി മാർഗ്ഗരേഖ പ്രകാരം, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ഡെവലപ്പർ പെർമിറ്റ് ലഭിച്ചു കഴിഞ്ഞാൽ, പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥർ തന്നെ മുതൽ മുടക്കി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി, പാർക്ക് സജ്ജീകരിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഉടമസ്ഥർ മുതൽ മുടക്കിയ തുക അടിസ്ഥാനപ്പെടുത്തി പരമാവധി 150 ലക്ഷം രൂപ വരെ സർക്കാർ മടക്കി നൽകുന്നതാണ്.<br><br>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഡെവലപ്പർ പെർമിറ്റ് ലഭിച്ച് 2 വർഷത്തിനകം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. പൂഞ്ഞാർ കോളേജ് ഓഫ് എഞ്ചിനീയറിങ് ഐ.എച്ച്.ആർ.ഡിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമായതിനാൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സജ്ജീകരിക്കുന്നതിനാവശ്യമായ തുക ഐ.എച്ച്.ആർ.ഡി കണ്ടെത്തി, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ